**പതിനാലാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2733 **06/02/2018**-ലെ മറുപടി

**യൂഡിസ്സാറ്റ് പദ്ധതി**

| **ചോദ്യം**<br>**ശ്രീ.എ. എൻ. ഷംസീർ** | **മറുപടി**<br>**മാത്യു ടി.തോമസ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
|---|---|
| (എ) യൂഡിസ്സാറ്റ് പദ്ധതിയുടെ ഭാഗമായി തലശ്ശേരി നഗരസഭയിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ; | എ) കേരളാ വാട്ടർ അതോറിറ്റി കണ്ണൂർ വാട്ടർ സപ്ലൈ ഡിവിഷന്റെ കീഴിൽ UIDSSMT പദ്ധതിയിൽ ഉൾപ്പെടുത്തി തലശ്ശേരി കുടിവെള്ള പദ്ധതിയുടെ വിപുലീകരണ പ്രവൃത്തികൾ 4 പാക്കേജുകളായി നടന്നു വരുന്നു. ഈ പ്രവൃത്തികളിൽ പാക്കേജ് I ഉം പാക്കേജ് IV ഉം പൂർത്തീകരിച്ചു. പാക്കേജ് I-ൽ മൈലാടി ജലശുദ്ധീകരണശാല മുതൽ തലശ്ശേരി വരെ ഗ്രാവിറ്റി മെയിൻ വിതരണം ചെയ്ത് സ്ഥാപിക്കലും പൈപ്പ് ലൈൻ ബ്രിഡ്ജ് സ്ഥാപിക്കലുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത് — ആയത് പൂർത്തീകരിച്ചു.<br><br>പാക്കേജ് II-ൽ :- തലശ്ശേരി നഗരസഭയോട് കൂടിച്ചേർത്ത പഴയ കോടിയേരി പഞ്ചായത്ത് പ്രദേശത്തും ചിറക്കക്കാവ്, ഇല്ലിക്കുന്ന് പ്രദേശങ്ങളിലും വിതരണശൃംഖല സ്ഥാപിക്കലും, മോറക്കുന്ന്, ചിറക്കക്കാവ് എന്നീ പ്രദേശങ്ങളിൽ ജലസംഭരണികളിലെ നിർമ്മാണവുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.ഇതിൽ മൊത്തം പൈപ്പ് ലൈൻ 34.765 കി.മീറ്റർ സ്ഥാപിക്കേണ്ടതിൽ ഇനി 11.615 കി.മീറ്റർ പൈപ്പ് ലൈൻ പൂർത്തീകരിക്കുവാൻ ബാക്കിയുണ്ട്. കൂടാതെ ചിറക്കക്കാവ് ടാങ്കിന്റെ പ്രവൃത്തി 20% പൂർത്തീകരിക്കുവാൻ ബാക്കിയുണ്ട്.<br><br>പാക്കേജ് III-ൽ മൊത്തം പൈപ്പ് ലൈൻ 27.115 കി.മീറ്റർ സ്ഥാപിക്കേണ്ടതിൽ 25.115 കി.മീറ്റർ പ്രവൃത്തി പൂർത്തീകരിക്കുവാൻ ബാക്കിയുണ്ട്. രണ്ട് O.H. ടാങ്കുകൾ, തലായി, കൊട്ടുവള്ളി എന്നീ സ്ഥലങ്ങളിൽ പൂർത്തീകരിക്കുവാൻ ബാക്കിയുണ്ട്. ഈ പ്രവൃത്തി 57-ാമത് എംപവേർഡ് കമ്മിറ്റിയുടെ തീരുമാനപ്രകാരം റദ്ദ് ചെയ്യുകയും കോൺട്രാക്ടറുടെ റിസ്ക് ആൻറ് കോസ്റ്റ് പുനർ ദർഘാസ് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ദർഘാസിന് ആരും പങ്കെടുക്കുകയുണ്ടായിട്ടില്ല. പുനർ ദർഘാസ് നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>പാക്കേജ് IV-ൽ മൈലാടിയിലെ ജലശുദ്ധീകരണശാലയുടേയും കീഴല്ലൂരിലെ റോ വാട്ടർ പമ്പ് ഹൗസിലെയും മെക്കാനിക്കൽ, ഇലക്ട്രിക്കൽ ഘടകങ്ങളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കാൻ സാധിക്കും എന്ന് വ്യക്തമാക്കുമോ? | ബി) പാക്കേജ് III പ്രവൃത്തിയുടെ കരാർ നടപടികൾ പൂർത്തിയാക്കിയശേഷം ഒരു വർഷത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

Renuka Sankar

സെക്ഷൻ ഓഫീസർ